**കേരള സർക്കാർ**

നമ്പർ.64823/ആർ.ഡി.3/12/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി:10/11/14

## സർക്കുലർ

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന മരണ രജിസ്ട്രേഷൻ - ആദിവാസി കോളനികളിൽ നടക്കുന്ന ജനനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 24-7-14-ലെ ചീഫ് ജനന മരണ രജിസ്ട്രാറുടെ ബി2-36022/12 നമ്പർ കത്ത്.

കോളനികളിൽ നടക്കുന്ന ജനനങ്ങൾ പഞ്ചായത്തുകളിൽ റിപ്പോർട്ട് ചെയ്യുന്നില്ലാത്തതിനാൽ കുട്ടികളെ സ്കൂളിൽ ചേർക്കാൻ ദുർബല വിഭാഗങ്ങൾ വലയുന്നെന്നും ജനന സർട്ടിഫിക്കറ്റില്ലാത്തതിനാൽ വിദ്യാർത്ഥികളുടെ സ്കൂൾ പ്രവേശനം പ്രതിസന്ധിയിൽ എന്ന പത്രവാർത്ത സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചു.

ഇടുക്കി ജില്ലയിലെ അടിമാലി, മാങ്കുളം, മറയൂർ, കാന്തല്ലൂർ, വട്ടവട, ഇടമലക്കുടി എന്നീ പഞ്ചായത്തുകളിലെ ആദിവാസികളാണ് ഈ പ്രതിസന്ധി നേരിടുന്നത് എന്നും വനത്തിനുള്ളിലെ കോളനികളിൽ നടക്കുന്ന ജനനങ്ങൾ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യപ്പെടാതെ പോയതും ടി വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന പ്രമോട്ടർമാരും ജനപ്രതിനിധികളും കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമാണ് ഇത്തരം പ്രതിസന്ധികൾ നേരിടാൻ കാരണമെന്ന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സൂചനപ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിന് ദുർബല വിഭാഗത്തിൽ പ്പെട്ടവർക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് താഴെ പറയുന്ന നിർ ദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

"ആദിവാസി കോളനികളിൽ നടക്കുന്ന ജനനങ്ങൾ രജിസ്റ്റർ, ചെയ്യുന്നതിന് കുട്ടികളുടെ ജനന തീയതി സംബന്ധിച്ച് മാതാപിതാക്കൾ നൽകുന്ന വിവരം ആധികാരികമായി കണക്കിലെടുത്ത് ജനനം രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ രജിസ്റ്റർ ചെയ്യപ്പെടാതെ പോയ കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കാതെ സ്കൂൾ പ്രവേശനം നൽകാൻ വിദ്യാഭ്യാസാവകാശം 2009 അനുസരിച്ച് വ്യവസ്ഥയുള്ളതിനാൽ സ്കൂൾ അധികാരികളുടെ അപേക്ഷ പരിഗണിച്ച ജനന സർട്ടിഫിക്കറ്റ് നൽ കേണ്ടതാണ്."

ജെയിംസ് വർഗ്ഗീസ്,
(പ്രിൻസിപ്പൽ സെക്രട്ടറി)

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ നഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന).
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ(പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
5. എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
6. എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും, [വകുപ്പുതലവന്മാർ മുഖേന]
7. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,.
8. പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് 22-10-12-ലെ 37301/ജി2/പൊ.വി.വ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം.
9. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഉത്തരവിൻ പ്രകാരം

Rajeev

സെക്ഷൻ ഓഫീസർ